## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1624 07.03.2018.ന് മറുപടി നൽകേണ്ടിയിരുന്നത്

### പിൻവലിച്ച കേസുകൾ

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ ; ഈ കേസുകളുടെ ക്രൈം നമ്പർ, സി.സി. നമ്പർ, ചുമത്തപ്പെട്ട സെക്ഷനുകൾ, പ്രതികളുടെ പേരു വിവരങ്ങൾ എന്നിവ വ്യക്തമാക്കാമോ ; | (എ) 372 കേസുകൾ പിൻവലിച്ചിട്ടുണ്ട് (25.5.2016 മുതൽ27.2.2018 വരെ). |
| (ബി) ഇതിൽ എത്ര രാഷ്ട്രീയ കേസുകൾ ഉണ്ടെന്നും മറ്റേതൊക്കെ രീതിയിലുള്ള കേസുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ ; | (ബി) ഇതിൽ 197 എണ്ണം രാഷ്ട്രീയ കേസ്സുകളും 175 എണ്ണം മറ്റു കേസ്സുകളുമാണ് . |
| (സി) ഈ കേസുകൾ പിൻവലിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ ; കേസുകൾ പിൻവലിക്കാൻ ആരൊക്കെ അപേക്ഷകൾ നൽകിയിരുന്നുവെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത അപേക്ഷകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (സി) ക്രിമിനൽ നടപടി നിയമ സംഹിതയിലെ 321-ാം വകുപ്പ പ്രകാരം ബഹു കോടതിയുടെ അനുമതിയോടെ കേസുകൾ പിൻവലിക്കുന്നതിനാണ് സർക്കാർ നിരാക്ഷേപ പത്രം നൽകുന്നത്. കേസ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ പോലീസ് മേധാവി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ ഓരോ അപേക്ഷയും പരിശോധിച്ച് നടപടി സ്വീകരിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ മറ്റു വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ